**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി ഏതൊക്കെ സ്ഥലങ്ങളിലാണ് കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന, കെ.എസ്.ആർ.ടി.സി.യിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം റീസ്ട്രക്ച്ചർ 2.0 പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഡിപ്പോ പ്രവർത്തനങ്ങളും ഓഫീസുകളും ജില്ലാ അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന ചെലവ് കുറച്ച് വരികയാണ്. നിലവിലുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷൻ മാത്രം കേന്ദ്രീകരിച്ച് ശക്തമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിലൂടെ കടന്നുപോയതിനാൽ കെ.എസ്.ആർ.ടി.സി. പുതുതായി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസും ആരംഭിച്ചിട്ടില്ല. |
| (ബി) | പുതുതായി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ ധാരാളം ഓഫീസുകളും യാത്രക്കാരും വിദ്യാലയങ്ങളും ഉൾപ്പെടുന്ന മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന, കെ.എസ്.ആർ.ടി.സി.യിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം റീസ്ട്രക്ച്ചർ 2.0 പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഡിപ്പോ പ്രവർത്തനങ്ങളും ഓഫീസുകളും ജില്ലാ അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന ചെലവ് കുറച്ച് വരികയാണ്. നിലവിലുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷൻ മാത്രം കേന്ദ്രീകരിച്ച് ശക്തമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിലൂടെ കടന്നുപോയതിനാൽ കെ.എസ്.ആർ.ടി.സി. പുതുതായി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസും ആരംഭിച്ചിട്ടില്ല. |
| (സി) | മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 21.12.2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിൽ കൂടി നാമമാത്രമായ ബസ്സുകൾ കയറി ഇറങ്ങി പോകുന്ന സാഹചര്യത്തിലും മഞ്ചേരിയിൽ നിന്നും പുതിയ |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയിലും മലപ്പുറം, നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ യൂണിറ്റുകൾ ഇതിന് ചുറ്റും സർവ്വീസുകൾ അയയ്ക്കുവാൻ പര്യാപ്തമായി പ്രവർത്തിക്കുന്നതിനാലും കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03.09.2017-ൽ നിർത്തലാക്കിയത്. നിലവിലും ഇതേ സാഹചര്യം തുടരുന്നതിനാൽ പ്രസ്തുത സ്ഥലത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിലും മഞ്ചേരി ഐ.ജി.ബി.റ്റി കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ